**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പൂഞ്ഞാർ മണ്ഡലത്തിൽ പട്ടയത്തിനായുള്ള എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;</td><td>(എ)</td><td>
<table>
<tr><th>ക്രമ നമ്പർ</th><th>വില്ലേജ്</th><th>തീർപ്പ് കല്പിക്കുവാനുള്ള അപേക്ഷകളുടെ എണ്ണം</th></tr>
<tr><td>1</td><td>പൂഞ്ഞാർ തെക്കേക്കര</td><td>37</td></tr>
<tr><td>2</td><td>ഈരാറ്റുപേട്ട</td><td>59</td></tr>
<tr><td>3</td><td>തീക്കോയ്</td><td>120</td></tr>
<tr><td>4</td><td>എരുമേലി തെക്ക്</td><td>2889</td></tr>
<tr><td>5</td><td>എരുമേലി വടക്ക്</td><td>3658</td></tr>
<tr><td>6</td><td>കോരുത്തോട്</td><td>1410</td></tr>
<tr><td>7</td><td>കൂട്ടിക്കൽ</td><td>16</td></tr>
<tr><td>8</td><td>മുണ്ടക്കയം</td><td>33</td></tr>
<tr><td>9</td><td>കാഞ്ഞിരപ്പള്ളി</td><td>5</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത അപേക്ഷകളിന്മേൽ പട്ടയവിതരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;</td><td>(ബി)</td><td>1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകാവുന്ന അപേക്ഷകളിൽ നിയമപരമായ നടപടി പൂർത്തീകരിച്ച് പട്ടയ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും പതിച്ചു നൽകാൻ സാധിയ്ക്കാത്ത നിയമപരമായ തടസ്സങ്ങൾ ഉള്ള കേസുകളിൽ, പ്രസ്തുത കേസുകൾ ഓരോന്നും പ്രത്യേകം പ്രത്യേകം പരിശോധിച്ച് നിയമ പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്.<br><br>പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ രാജീവ് ദശലക്ഷം കോളനി പട്ടയ പ്രകാരമുള്ള 37 അപേക്ഷകളിൽ 27 അപേക്ഷകളിന്മേൽ പട്ടയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>ഈരാറ്റുപേട്ട വില്ലേജിൽ 59 പട്ടയ അപേക്ഷകളിൽ 41 എണ്ണം പട്ടയം നൽകുവാൻ തയ്യാറായിട്ടുള്ളതും അവശേഷിയ്ക്കുന്ന അപേക്ഷകളിൽ പട്ടയ നടപടി സ്വീകരിച്ചു വരുന്നതുമാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | തീക്കോയ് വില്ലേജിലെ 120 അപേക്ഷകൾ ആറ്റുപുറമ്പോക്ക് പതിവുമായി ബന്ധപ്പെട്ടതാണ്. ആയവ പട്ടയനടപടിയിലിരിക്കുന്നു.<br><br>എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ അപേക്ഷകൾ ഹിൽമെൻ സെറ്റിൽമെന്റ് വിഭാഗത്തിൽപ്പെട്ട ഭൂമി സംബന്ധിച്ചുള്ളതാണ്. ഹിൽമെൻ സെറ്റിൽമെന്റ് ഏരിയയിൽപ്പെടുന്ന ഭൂമി മറ്റു വിഭാഗങ്ങൾക്കു കൂടി 2.06.20 ൽ പുറപ്പെടുവിച്ച G.O 2020/2020, 4.11.23-ലെ G.O (Rt) 3966/23 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | മണ്ഡലത്തിൽ പട്ടയവിതരണം കൂടുതൽ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിയ്ക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാനത്ത് സർക്കാർ ഭൂമി കൈവശം വെച്ചു വരുന്ന അർഹരായ ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനായി പട്ടയമിഷൻ രൂപീകരിച്ചിട്ടുള്ളതാണ്. പട്ടയം നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉള്ള കേസുകളിൽ, പ്രസ്തുത കേസുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് നിയമ പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ